**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .66 — 28-05-2019 -ൽ മറുപടിക്ക്

**വീടുകളുടെ പുനർനിർമ്മാണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) | പ്രളയക്കെടുതിയിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് ലഭിച്ച അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നീ ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തി സാങ്കേതിക പരിജ്ഞാനമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തി ലഭ്യമാക്കിയ നാശനഷ്ട തോതനുസരിച്ച് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം ചെയ്തിട്ടുള്ളതാണ്. പൂർണ്ണമായും തകർന്ന വീടുകൾക്ക് സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാം എന്നുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തുകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഗഡുക്കളായി വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | ബി) | ലഭ്യമായ അപേക്ഷകൾ ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർമാർക്ക് അന്വേഷണത്തിനായി നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ / അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നീ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ